<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794</u> <u>14-09-2023 - ൽ മറുപടിയ്ക്ക്</u>

## <u>കൈത്തറി മേഖല ആധുനികവൽക്കരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി വ്യവസായ മേഖലയ്ക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | (എ) | കൈത്തറി വ്യവസായ മേഖലയ്ക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 48.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത തീർക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് സഹായം അനുവദിച്ചിട്ടുണ്ടോയെന്നും ആയത് ചെലവഴിച്ചിട്ടുണ്ടോയെന്നും ചെലവഴിച്ചിട്ടില്ലയെങ്കിൽ എന്ത് കൊണ്ടാണെന്നും വ്യക്തമാക്കുമോ; | (ബി) | കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത തീർക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതികൾ നിലവിലില്ല. |
| (സി) | നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ മുടക്കം കൂടാതെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി<br>2. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി<br>3. യുവവീവ് പദ്ധതി<br>4. അംശദാന മിതവ്യയ ഫണ്ട്<br>5. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം)<br>6. ഇൻകം സപ്പോർട്ട് സ്കീം<br>7. ഹാന്റ്ലൂം മാർക്ക്<br><br>സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ മുടക്കം കൂടാതെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി** |

| | | | |
|---|---|---|---|
| | | | **<u>1)കഴിനൂൽ സബ്സിഡി</u>**<br><br>നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ, ഹാൻറക്സ്, ഹാൻവീവ് മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതി നുള്ള പദ്ധതിയാണിത്.<br><br>**<u>2)ചായം, രാസവസ്തുക്കൾ എന്നിവയ്ക്കുള്ള സബ്സിഡി</u>**<br><br>കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളായ ചായം, രാസപദാർത്ഥങ്ങൾ എന്നിവ ഹാൻറക്സ്, ഹാൻവീവ് മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ്.<br><br>**<u>3)ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണിവായ്പ</u>**<br><br>ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നുവെന്നു ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത് |
| (ഡി) | കൈത്തറി മേഖലയെ ആധുനിക വൽക്കരിക്കുവാനും വൈവിദ്ധ്യവൽക്കരിക്കുവാനും സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കാമോ; കൈത്തറിയ്ക്ക് റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;? | (ഡി) | കൈത്തറി മേഖലയെ ആധുനികവത്കരിക്കുവാനും വൈവിദ്ധ്യവൽക്കരിക്കുവാനും 'കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽകരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി' നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 7 ഘടകങ്ങൾ ക്കായി ഫണ്ട് അനുവദിക്കുന്നു.<br><br>1)വർക്ക് ഷെഡ് നവീകരണം<br>2)വ്യക്തിഗത വർക്ക് ഷെഡ് നവീകരണം<br>3) ഡൈ ഹൗസ് റിപ്പയറിംഗ്<br>4) ഒരു വീട്ടിൽ ഒരു തറി<br>5)സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിനും നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമുള്ള പദ്ധതി<br>6) തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തറികളുടെ ഭാഗിക അറ്റകുറ്റപ്പണികൾക്കുമുള്ള ധനസഹായം.<br>7) വനിതാ നെയ്ത്തുകാർക്ക് റെസ്റ്റ് റൂം/ സ്റ്റോറേജ് നിർമ്മാണവും ടോയ്ലറ്റ് നവീകരണവും.<br><br>2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 20/07/2022 ലെ |

| | | | |
|---|---|---|---|
| | | | സ.ഉ(സാധാ)നം. 730/2022/വ്യവ സർക്കാർ ഉത്തരവ് പ്രകാരം അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ റിബേറ്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക 10 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം ഇതുവരെ ആകെ 2,78,43,476/- രൂപ റിബേറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. പുതിയ അപേക്ഷകളിന്മേൽ അർഹത നിർണ്ണയിച്ച് റിബേറ്റ് തുക അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ